കേരള സർക്കാർ

# തിരുമാറാടി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9)1646/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 10.10.2017

പ്രസിഡന്റ് ,
തിരുമാറാടി ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :തിരുമാറാടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.ഇകെഎം(പി9)1646/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

തീയതി : 10.10.2017

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 26 അന്വേഷണക്കുറിപ്പുകൾ . നൽകിയതിൽ എട്ട് എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിനു്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 4.8.2017 മുതൽ 14.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ജോമോൾ എം. ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഷീല വി.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ഒ.എൻ വിജയൻ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീമതി പുഷ്പലത രാജു | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ സാജു ജോൺ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീമതി രമ മുരളീധരൻ | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ കെ.ആർ. പ്രകാശൻ | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ രമേഷ് ജി. | 1.4.2016 | 13.7.2016 |
| | ശ്രീ ടി.ജി.കനകാംബരൻ | 14.7.2016 | 20.12.2016 |
| | ശ്രീമതി വിൻസിമോൾ ലൂക്കോസ് | 21.12.2016 | 26.12.2017 |
| | ശ്രീമതി ഷീലാകുമാരി പി.വി. | 26.12.2017 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ടി.ജി.കനകാംബരൻ | 1.4.2016 | 3.1.2017 |
| | ശ്രീ റെയ്സൺ വി. വർഗ്ഗീസ് | 4.1.2017 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി സീന ജോസഫ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സിജോ ജോസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മെർലിൻ മാർക്കോസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമ്പിളി പി. നായർ | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മണി ഒ.എൻ | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (തിരുമാറാടി) | ശ്രീ കെ.എസ് പുരുഷോത്തമൻ | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപുറം) | ശ്രീ മഞ്ജുഷ് ജോസഫ് | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ. ക്ലെയർ ആർ. സെസിൽ | 1.4.2016 | 30.9.2016 |
| | ഡോ.സഫ്ന ഐസക് | 1.10.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ലാൽ പ്രസാദ് | 1.4.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ രാഗേഷ് എം. | 1.4.2016 | 31.3.2017 |
| ഹെഡ്മിസ്ട്രസ് , GLPS, മണ്ണത്തൂർ | ശ്രീമതി മേരി പൗലോസ് | 1.4.2016 | 31.5.2016 |
| | ശ്രീ എം.കെ. രാജു | 1.6.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചു. | 1-12 | |
| | ഭാഗം 2 | | |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത | 2-1 | |

| | | | |
|---|---|---|---|
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ. | 2-2 | |
| 15 | ലൈസൻസെടുക്കാതെ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. | 2-3 | |
| 16 | ഇ-ടെണ്ടർ - വിവരം സൂക്ഷിക്കുന്നില്ല. | 2-4 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല | 2-5 | |
| 18 | വസ്തു നികുതി സാംഖ്യ സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 2-6 | |
| 19 | വാർഷിക കണക്കിലെ ന്യൂനതകൾ | 2-7 | |
| | ഭാഗം- 3 | | |
| 20 | ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തതിനുള്ള ഫീസ് നൽകിയത് | 3-1 | |
| 21 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-2 | |
| 22 | ഭവനപുനരുദ്ധാരണം-സർക്കാർഉത്തരവിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചു | 3-3 | |
| 23 | സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ നൽകി | 3-4 | |
| 24 | ഓട്ടോറിക്ഷ /പിക്അപ് ഓട്ടോറിക്ഷ-പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 3-5 | |
| 25 | അർഹമായതിലും കൂടുതൽ തുക സബ്സിഡി നൽകി | 3-6 | |
| 26 | വനിതാ വ്യവസായ സംരംഭങ്ങൾ-അപാകതകൾ | 3-7 | |
| 27 | പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിൻസ് -അപാകതകൾ | 3-8 | |
| 28 | ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-9 | |
| 29 | പുളിക്കായത്ത് റോഡ് -ആവശ്യമായതിൽ കൂടുതൽ സ്റ്റോണിന്റെ വില നൽകി . | 3-10 | |
| 30 | ആദായ നികുതി (TDS) ഈടാക്കിയതിൽ കുറവ് | 3-11 | |
| 31 | ഗുണഭോക്തൃസമിതി -രേഖകൾ ലഭ്യമാക്കിയില്ല | 3-12 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17വർഷത്തെ ബജറ്റ് 3.3.2016 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 145379000 | 141489000 |
| വാർഷിക കണക്കുകൾ പ്രകാരം | 38042478 | 36223805 |

വരവുചെലവു കണക്കുകളിൽ EFMS മുഖേന ചെലവഴിച്ച തുകയായ 44161147 (15693567+28467580)രൂപ ഉൾപ്പെടുത്തിയാലും ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2. വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 12.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2016-17 | 1.8.2017 | വാർഷിക കണക്കിൽ ന്യൂനതകൾ ഉണ്ട് വിശദാംശം ഖണ്ഡിക 2-7 ൽ ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10194426 |
| വരവ് | 38042478 |
| ആകെ | 48236904 |
| ചെലവ് | 36223805 |
| നീക്കിയിരിപ്പ് | 12013099 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 2687971 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 1200 |
| വാടക | 26927 |
| ആകെ | 2716098 |

.

തനത് വരുമാനം താരതമ്യേന പഞ്ചായത്തിൽ കുറവാണ്. ആയതു തന്നെ മുഴുവനും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക വന്നത് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നതാണ് സൂചിപ്പിക്കുന്നത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | തൻവർഷ വരവ് | ചെലവ് | സഞ്ചിത നിധി യിലേക്ക് തിരി കെ പ്പോയ തുക | ചെലവ് % |
|---|---|---|---|---|---|
| പൊതുവി ഭാഗം | 6475000 | 8040759 | 8040759 | 0 | 100 |
| എസ്. സി. പി. | 3339000 | 3338742 | 3338742 | 0 | 100 |
| ടി.എസ്. പി. | 31000 | 31377 | 16985 | 14392 | 54.13 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 12750000 | 12749544 | 6232736 | 6516808 | 48.89 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 2555000 | 2554755 | 2539096 | 15659 | 99.39 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3987000 | 4509678 | 1471249 | 3038429 | 32.62 |
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക്) (central) | - | 1740806 | 1242519 | 498287 | 71.37 |
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക്)( state) | - | 620659 | - | 620659 | 0 |

വികസന ഫണ്ട് - പൊതുവിഭാഗം, 14-ാം ധന കാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ ബജറ്റിൽ

വകയിരുത്തിയതിലും കൂടുതൽ തുക പിന്നീട് പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ. ആർ. ഇ. ജി.എസ്. | 17821 | 713713 | 731534 | 730041 | 1493 |
| ബി ഫണ്ട് | - | 28467580 | 28467580 | 28467580 | - |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിക്ക് EFMS മുഖേന ചെലവഴിച്ച തുകകൾ വരവുചെലവു കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. EFMS മുഖേന 15693567 /- രൂപയാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന ഫണ്ട് വിനിയോഗം പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെഎണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 24 | 16 | 4136597 | 3323514 | 80.34 |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 14 | 4494877 | 2790168 | 62.00 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 38 | 28816058 | 11343744 | 39.37 |
| കൃഷി ഓഫീസർ | 4 | 2 | 1446538 | 366924 | 25.37 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 845978 | 644545 | 76.19 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 2692600 | 1952285 | 72.51 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തിരുമാറാടി) | 8 | 7 | 1920675 | 1316000 | 68.52 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപ്പുറം) | 1 | 1 | 750000 | 250000 | 33.33 |
| വെറ്റിനറി സർജൻ | 2 | 2 | 587500 | 490000 | 83.40 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 380000 | 300000 | 78.95 |
| ഹെഡ്മാസ്റ്റർ GLPS | 3 | 3 | 304322 | 303467 | 99.72 |
| ആകെ | 144 | 91 | 46975145 | 23680647 | 50.41 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീക |
|---|---|---|---|---|---|---|

| ലഭിച്ച ത്.എണ്ണം | അടങ്കൽ | യത്.എണ്ണം | ചെലവ് | നടപ്പാക്കിയത്. എണ്ണം | ക്കാത്തവ എണ്ണം | രിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|
| 144 | 45140095 | 91 | 33589615 | 25 | 28 | 63.19 |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-7 തനത് വരുമാനം.

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 64.65 ശതമാനം വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2414184 | 3915019 | 1500835 | 62.17 |
| നികുതിയേതര വരവുകൾ | 552760 | 1077283 | 524523 | 94.89 |
| മറ്റുവരവുകൾ | 222871 | 259628 | 36757 | 16.49 |
| ആകെ | 3189815 | 5251930 | 2062115 | 64.65 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53160 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 3182290 | 386 |
| വിധവാപെൻഷൻ | 5921310 | 573 |
| വാർദ്ധക്യകാല പെൻഷൻ | 16614410 | 1534 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1402150 | 169 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽപ്രായമായ വനിതകൾക്കുള്ള ധനസഹായം | 813260 | 73 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.8.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14774/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെസൂക്ഷിപ്പ്.

ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ . ഇ – ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ വിവരം ടെണ്ടർ രജിസ്റ്ററിൽ ചേർക്കുന്നില്ല. ഫയലിലും മുഴുവൻ വിവരങ്ങളും സൂക്ഷിക്കുന്നില്ല. ഇ- ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ വിവരങ്ങളടങ്ങിയ അബ്സ്ട്രാക്ട് ടെണ്ടർ രജിസ്റ്ററിലോ ഓരോ ഫയലിലോ സൂക്ഷിക്കേണ്ടതാണ്.
ഇൻക്യുബെൻസി രജിസ്റ്റർ. ഓഡിറ്റ് കാലയളവുകളിലെ ഇൻക്യുബെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ ജീവനക്കാരുടേയും, നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ എഴുതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യം മുൻ വർഷത്തിൽ ( 2014-15 ) പരാമർശിച്ചിരുന്നുവെങ്കിലും ഇപ്പോഴും എഴുതി സൂക്ഷിക്കാത്തത് ശരിയായ നടപടിയല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.4.2017 | 1.2.2017 മുതൽ 31.3.2017വരെ | 17.5.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.9.2014 മുതൽ 9.10.2014 വരെ | 2009 -10 മുതൽ 2013 -14 വരെ | 20.11.2014 |

## 1-12 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചു.

ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 2500/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | ചലാൻ നമ്പർ/ തിയതി |
|---|---|---|---|
| 21 | സെക്രട്ടറി | 2500 | 117070102387/ 14.8.2017 |

.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ

പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 /2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനനുസൃതമായി പഞ്ചായത്ത്കമ്മിറ്റിയുടെ 16.9.2011-ലെ തീരുമാനം നം.1-പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിശ്ചയിച്ചത് 8.12.2011-ലെ A3-5617/11നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ് നികുതി പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർ ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് | ചതുരശ്ര മീറ്ററിന് 30/- രൂപ |
| 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് | ചതുരശ്ര മീറ്ററിന് 50/- രൂപ |
| 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് | ചതുരശ്ര മീറ്ററിന് 80/- രൂപ |

ഒരേ ഉടമസ്ഥന്റെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള, 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും ഓരോ മുറിക്കും 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി കണക്കാക്കി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയിച്ച തീയതി | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന - ഇളവ് ഉൾപ്പടെ (ച. മീ.ന്30 രൂപാ നിരക്കിൽ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച. മീ. ന് 50 രൂപ നിരക്കിൽ) |
|---|---|---|---|---|---|
| 5/147 എ | 46.21 | സെക്രട്ടറി, കാക്കൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 2015-16 /II half | 1525 | 2542 |
| 5/147 ബി | 58.64 | | | 1936 | 3225 |
| 5/147 സി | 48.64 | | | 1606 | 2675 |
| 5/147 ഡി | 70.12 | | | 2314 | 3857 |
| 5/147 ഇ | 29.34 | | | 969 | 1614 |
| 5/147 എഫ് | 43.53 | | | 1437 | 2393 |
| 5/147 ജി | 25.11 | | | 829 | 1381 |
| 5/147 എച്ച് | 38.53 | | | 1272 | 2119 |
| 5/147 ഐ | 33.63 | | | 1110 | 1850 |
| 7/19 എ | 19.87 | രഘുനാഥ്, ശ്രീമന്ദിരം | 2015-16 II half | 716 | 1192 |
| 7/19ബി | 19.87 | | | 716 | 1192 |
| 7/19സി | 19.87 | | | 716 | 1192 |

| | | | | | |
|---|---|---|---|---|---|
| 7/19ഡി | 30.17 | | | 1087 | 1810 |
| 7/19ഇ | 30.17 | | | 1087 | 1810 |
| 7/19എഫ് | 19.87 | | | 716 | 1192 |
| 7/19ജി | 19.87 | | | 716 | 1192 |
| 7/19എച്ച് | 19.87 | | | 716 | 1192 |
| 7/390എ | 29.14 | ജോൺ, മാളിക പുത്തൻപുരയിൽ | 2016-17 Ist | 1050 | 1748 |
| 7/390ബി | 31.39 | | | 1225 | 2040 |
| 7/390സി | 32.78 | | | 1181 | 1969 |
| 7/390ഡി | 35.62 | | | 1283 | 2137 |
| 7/390ഇ | 35.49 | | | 1278 | 2129 |
| 7/390എഫ് | 37.85 | | | 1363 | 2271 |
| 7/390ജി | 40.78 | | | 1469 | 2447 |
| 7/390എച്ച് | 41.08 | | | 1479 | 2465 |
| 10/35ബി | 37.44 | ശ്രീനാഥ്, ശ്രീമന്ദിരം | 2016-17 Ist | 1348 | 2246 |
| 10/35സി | 37.44 | | | 1348 | 2246 |
| 10/35ഡി | 40.3 | | | 1451 | 2418 |

നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12) ലഭ്യമാക്കിയ മറുപടിയിൽ മേൽനടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ.

(i) തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷം | സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| എം.ജി.എൻ.ആർ.ജി.എസ്. (3 ജീവനക്കാർ) | I -ാം അർദ്ധവർഷം | - |
| കാക്കൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | - | ഒന്നും രണ്ടും അർദ്ധവർഷം |
| തിരുമാറാടി കോ-ഓപ്പറേറ്റീവ് ബാങ്ക് | - | ഒന്നും രണ്ടും അർദ്ധവർഷം |
| ഒലിയപുറം കോ-ഓപ്പറേറ്റീവ് ബാങ്ക് | - | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| മണ്ണുത്തൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് | - | ഒന്നും രണ്ടും അർദ്ധവർഷം |
| കാക്കൂർ ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |
| ഒലിയപുറം ക്ഷീരോത്പാദക സഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |
| തിരുമാറാടി ക്ഷീരോത്പാദക സഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |
| മണ്ണുത്തൂർ ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നാം അർദ്ധ വർഷം |
| ചെറ്റേപ്പീടിക ക്ഷീരോത്പാദക സഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |
| വെട്ടിമൂട് ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |
| വെടിക്കാട്ടുപാറ ക്ഷീരോത്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷം | - |

(ii) കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരായിരുന്ന താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി അസസ്സ്ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമനം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ബിനോയി.റ്റി.ബേബി, കോലഞ്ചേരി |
| 2 | ബിജു.റ്റി.ബേബി, കോലഞ്ചേരി |
| 3 | ബേബി.വി.വി., മണ്ണുത്തൂർ |
| 4 | സോണി എബ്രഹാം, മണ്ണുത്തൂർ |
| 5 | ഷാജികുമാർ, കാക്കൂർ |
| 6 | ബേസിൽ.കെ.ഡേവിഡ് |
| 7 | കോഡ്സ് കൺസ്ട്രക്ഷൻ, ഒലിയപ്പുറം |
| 8 | സൂബി പോൾ, മണ്ണുത്തൂർ |
| 9 | രാജേഷ് തമ്പി, മണ്ണുത്തൂർ |
| 10 | സാജു.സി.എസ്. |
| 11 | കുര്യാക്കോസ് ജോൺ |
| 12 | ബിനു.കെ.രാജൻ, മണ്ണുത്തൂർ |
| 13 | കെ.പി.തങ്കച്ചൻ |
| 14 | ബേബി.വി.വി. |
| 15 | ബിനു.പി.രാജൻ |
| 16 | ജോണി.കെ.സി. |
| 17 | എം.സി,രാജൻ |
| 18 | ഇ.സി.വർഗ്ഗീസ് |

| | |
|---|---|
| 19 | കെ.എൻ.വിജയൻ |
| 20 | ജോർജ്ജ്.കെ.എം., കോറോത്ത് ഹൗസ്.കാക്കൂർ |
| 21 | ജയിംസ് അഗസ്റ്റിൻ |
| 22 | എ.ജെ.ജോസഫ്. |
| 23 | സജി വർഗ്ഗീസ്,മുട്ടത്ത്, കാക്കൂർ. |

മേൽ സൂചിപ്പിച്ച വിവരം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21& 22) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ലൈസൻസെടുക്കാതെ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ നിന്നും ലഭ്യമായ ഡി.& ഒ. ട്രേഡ് ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളുടേയും രജിസ്റ്ററുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്ഷീര സംഘങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കാക്കൂർ ക്ഷീരോല്പാപാദക സഹകരണ സംഘം |
| 2 | ഒലിയപുറം ക്ഷീരോല്പാപാദക സഹകരണ സംഘം |
| 3 | തിരുമാറാടി ക്ഷീരോല്പാപാദക സഹകരണ സംഘം |
| 4 | മണ്ണത്തൂർ ക്ഷീരോല്പാപാദക സഹകരണ സംഘം |
| 5 | ചെറ്റേപ്പീടിക ക്ഷീരോല്പാപാദക സഹകരണ സംഘം |
| 6 | വെട്ടിമൂട് ക്ഷീരോല്പാപാദക സഹകരണ സംഘം |
| 7 | വെട്ടിക്കാട്ടുപാറ ക്ഷീരോല്പാപാദക സഹകരണ സംഘം |

മേൽ പ്പറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. കൂടാതെ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അസസ്സ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21) മറുപടി ഹാജരാക്കിയില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ - വിവരം സൂക്ഷിക്കുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികൾ ഓപ്പൺ ടെണ്ടർ മുഖേനയും ഇ – ടെണ്ടർ മുഖേനയും നടപ്പിലാക്കിയിട്ടുണ്ട്. ഓപ്പൺ ടെണ്ടറിന്റെ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഇ – ടെണ്ടർ മുഖേനയുള്ളവയുടെ വിവരങ്ങൾ രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന കരാറുകാരിൽ നിന്നുള്ള ടെണ്ടർ ഫീ ഇനത്തിലുള്ള വരവു തുകകൾ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോകുന്നത്. 2015-16, 2016-17

വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ എത്ര പ്രവൃത്തികൾ ഇ-ടെണ്ടർ വഴി നടപ്പിലാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2016-17 ലെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടിയൊന്നും നല്കിയില്ല. പഞ്ചായത്തിന് തിരികെ ലഭിക്കേണ്ട തുകയെ സംബന്ധിച്ച് പഞ്ചായത്തിൽ തന്നെ കണക്ക് തയ്യാറാക്കി സൂക്ഷിക്കാത്തത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി വിലയിരുത്തുന്നു. പഞ്ചായത്തിനു ലഭിക്കേണ്ട തുകകൾ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

2016-17 വർഷം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 10 മൊബൈൽ ടവറുകളിൽ മൂന്നെണ്ണത്തിന്റെ വസ്തുനികുതി മാത്രമാണ് നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. വസ്തുനികുതി ഈടാക്കാത്തവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ടവർ ലൊക്കേഷൻ | ഉടമ |
|---|---|---|---|
| 1 | 5/481 | മണിമലക്കുന്ന് കോളേജിന് സമീപം | റിലയൻസ് ടവർ |
| 2 | 5/481 | മണിമലക്കുന്ന് കോളേജിന് സമീപം | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 6/424 | കുഴികാട്ട്കുന്ന് മല, ക്ലത്താട്ടുകുളം നഗരസഭാ അതിരിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 9/ | പഞ്ചായത്ത് ബസ്സ് സ്റ്റോപ്പ് സമീപം | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 10/416 | കിഴകുന്ന് റോഡിൽ | അക്സന്റ് ടവർ |
| 6 | 11/473 | കാക്കൂർ SNDP മണ്ഡപത്തിന് പിറകിൽ | റിലയൻസ് |
| 7 | 13/201 | ആമ്പിശ്ശേരികാവിന് സമീപം | BSNL |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.26) മറുപടിയിൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി-സാംഖ്യ,സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) വസ്തുനികുതി പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുകകൾ സാംഖ്യയിലെയും സഞ്ചയയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| | 2016-17 വാർഷികധന കാര്യപത്രിക പ്രകാരം | | | യഥാർത്ഥത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | ഡിമാൻഡ് | പിരിച്ചെടുത്തത് | ബാലൻസ് | |
| കുടിശ്ശിക | 2746172 | 1272933 | 1473239+ 73662 (ലൈബ്രറി സെസ്സ്) | 1473239* |

| | | | | |
|---|---|---|---|---|
| തൻവർഷം | 2626291 | 1491926 | 1086733+ 54337 (ലൈബ്രറി സെസ്സ്) | 1134365* |

*ടി തുകയിൽ താമസം/താമസേതരാവശ്യത്തിനുള്ളവയുടേയും വസ്തുനികുതി ഉൾപ്പെടുന്നുണ്ട്. സാംഖ്യയിൽ താമസം/ താമസേതരാവശ്യത്തിനുള്ളവയുടേയും വസ്തുനികുതി ഡിമാൻഡ് പ്രത്യേകം ചേർക്കാതിരുന്നതിനാലാണ് ഇപ്രകാരം കണക്കുകൾ ചേർത്തിരിക്കുന്നത്.

.

| | | സഞ്ചയ പ്രകാരം | | | സഞ്ചയ-ചേർത്തിരിക്കുന്ന ഡിമാൻഡ്-കളക്ഷൻ എന്നിവ പ്രകാരം ലഭിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | ഡിമാൻഡ് | പിരിച്ചെടുത്തത് | ബാലൻസ് | |
| കുടിശ്ശിക | താമസാവശ്യത്തിനുള്ളവ | 1620833 | 669093 | 1049522 | 951740 |
| | താമസേതരാവശ്യത്തിനുള്ളവ | 1992455 | 377466 | 1648855 | 1614989 |
| തൻവർഷം | താമസാവശ്യത്തിനുള്ളവ | 1408082 | 1013577 | 507116 | 394505 |
| | താമസേതരാവശ്യത്തിനുള്ളവ | 1209402 | 568725 | 690685 | 640677 |

## 2-7 വാർഷിക കണക്കിലെ ന്യൂനതകൾ

അക്കൗണ്ട്സിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ വസ്തുനികുതി (താമസാവശ്യത്തിനുള്ളവ) പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുകകൾ സാംഖ്യയിലെ തന്നെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വിശദവിവരം താഴെ ചേർക്കുന്നു.

| | വസ്തുനികുതി (താമസാവശ്യത്തിനുള്ളവ) ഡിമാൻഡ് | 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം | | യഥാർഥത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | പിരിച്ചെടുത്തത് | ബാലൻസ് | |
| തൻവർഷം | 2626291 | 1332518+159408 | 1086733+ 54337(ലൈബ്രറി സെസ്സ്) | 1134365 |

2)മുൻവർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യപാരികൾ) പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നില്ല.എന്നാൽ തൻവർഷത്തെ അക്കൗണ്ട്സ് പ്രകാരം15000/-രൂപ പിരിച്ചെടുത്തിട്ടുണ്ട്.

3)പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ ടേബിൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിനായി 976553/-രൂപ ചെലവഴിച്ചിട്ടുണ്ട്.ആയത് B-11 ,ഷെഡ്യൂളിൽ 41710104 (ഫർണിച്ചറുകൾ) എന്ന അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തേണ്ടതിനു പകരം 410200199 (ബിൽഡിംഗ്-മറ്റുള്ളവ) എന്ന ഹെഡിൽ ഉൾപ്പെടുത്തി.

4)വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വനിതാ വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ച സബ്സിഡി തുകയായ 250000/-രൂപ 410800101-എന്ന അക്കൗണ്ട് ഹെഡിൽ (അദർ ഫിക്സഡ് അസറ്റ്സ്)

ഉൾപ്പെടുത്തിയിരിക്കുന്നു.പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ആസ്തികൾ മാത്രമാണ് ഈ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്.

5)സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ്-ലേബർ ചാർജ് ആയി അനുവദിച്ച 34980/-രൂപ 410600104-(ഇലക്ട്രിസിറ്റി-സ്ട്രീറ്റ്ലൈറ്റ്സ്) എന്ന അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.പഞ്ചായത്ത് പുതിയതായി വാങ്ങുന്ന സ്ട്രീറ്റ്ലൈറ്റുകളുടെ വിലയാണ് ഈ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തേണ്ടത്.

6)ബി-9 ഷെഡ്യൂളിൽ 350300109 (ഗവൺമെന്റ് ആന്റ് അദർ ഡ്യൂസ് പെയബിൾ-റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ്)എന്ന അക്കൗണ്ട് ഹെഡിൽ വാറ്റിനത്തിലുള്ള തുക 2012-13 മുതൽ അടക്കുവാൻ ബാക്കിയായി അവശേഷിക്കുന്നു.

7) ബി-9 ഷെഡ്യൂളിൽ 350300103(ഗവൺമെന്റ് ആന്റ് അദർ ഡ്യൂസ് പെയബിൾ-വാല്യൂ ആഡഡ് ടാക്സ്) എന്ന അക്കൗണ്ട് ഹെഡിൽ 6513/- രൂപ അടക്കുവാൻ ബാക്കിയായി നിലനിൽക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള ഫീസ് നൽകിയത്

ജീവനക്കാരുടെ ആദായനികുതി ഫയൽ ചെയ്യേണ്ട ഉത്തരവാദിത്തം അതാതു വ്യക്തികൾക്കാണ്. എന്നാൽ പഞ്ചായത്തിലെ ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് 2500/- രൂപ {( വൗച്ചർ നം. 289/16-17 , 21600366/ 30.8.2016 ആകെതുക = 4650/- (ജീവനക്കാരുടെ ഫീസ്= 2500 + പഞ്ചായത്തിന്റെ ഫീസ് = 2150 )} അമ്പാട്ടു ആന്റ് അസ്സോസിയേറ്റ്സിന് നൽകിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ ആദായനികുതി ഫയൽ ചെയ്യുന്നതിന്റെ ഫീസാണ് നൽകിയത്

| ക്രമ നം | പേര് | തുക |
|---|---|---|
| 1 | ടി.ജി. കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി | 500 |
| 2 | അനിൽകുമാർ പി.പി. | 500 |
| 3 | രാഗേഷ് എ.ജി. | 500 |
| 4 | മായ എൻ. പി. | 500 |
| 5 | വിൻസിമോൾ ലൂക്കോസ് | 500 |
| | ആകെ | 2500 |

ഇതുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25) മറുപടിയൊന്നും നൽകിയില്ല. അനുവദനീയമല്ലാത്ത ചെലവ് തുക 2500/- രൂപ ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 വിനിയോഗവിവരം ലഭ്യമാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന ചെലവുകൾ സാധൂകരിക്കുന്നതിനുള്ള ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

.

| ക്രമ നം. | വൗച്ചർ നം. | തുക | ഇനം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 445/16-17 (21600558 / 11 .11.16 | 41398 | ലൈബ്രറി സെസ്സിനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകിയത് | തുക കൈപ്പറ്റി യതിന്റെ രസീത് ലഭ്യമാക്കിയില്ല |
| 2 | 482/16-17 (21600614/ 2.11.2016 = 28647 & 21600615 / 2.11.16 = 23056) | 51703 | വെസ്റ്റേൺ ഘട്ട് - ബാക്കി തുക തിരികെ ജില്ലാ കളക്ടർക്ക് നൽകിയത് | തുക കൈപ്പറ്റി യതിന്റെ രസീത് ലഭ്യമാക്കിയില്ല |
| 3 | 274/16-17 (21600346/ 11.8.2016 ) | 46434 | ലൈബ്രറി സെസ്സിനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകിയത് | തുക കൈപ്പറ്റി യതിന്റെ രസീത് ലഭ്യമാക്കിയില്ല |
| | ആകെ | 139535 | | |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 ഭവനപുനരുദ്ധാരണം- സർക്കാർ/ഉത്തരവിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേരും/നമ്പരും | വീട് അറ്റകുറ്റപ്പണി- എസ്.സി -വനിത, എസ്.0025/17 |
| പദ്ധതി അടങ്കൽ | 312500 (വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവ് വിവരം | 1)35000 (ബിൽ നം.16/- 16-17/ 28.2.2017) |
| | 2) 25000 (ബിൽ നം. 17/-16-17/ 4.3.2017) |
| | 3) 25000 (ബിൽ നം. 20/-16-17 /14.3.2017) |
| | 4) 50000 (ബിൽ നം 26/16-17/ 18.3.2017) |
| | 5) 35000 (ബിൽ നം. 32/16-17/ 27.3.2017) |

വീട് അറ്റകുറ്റപ്പണിക്കായി ഓരോ ഗുണഭോക്താവിനും 25000/-രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിരിക്കുന്നത് വിശദമായ വാല്യുവേഷന്റെ അടിസ്ഥാനത്തിലല്ല.

2) ഭവനനിർമ്മാണം പൂർത്തിയാക്കി 8 വർഷം കഴിഞ്ഞതിനുശേഷം മാത്രമേ അറ്റകുറ്റപ്പണിക്കായി സബ്സിഡി നൽകാവൂ എന്ന് 19.1.2017- ലെ ജി.ഒ (ആർ.ടി)161/17/ ത.സ്വ.ഭ.വ -ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി 2012-13 രണ്ടാം അർദ്ധവർഷം ഭവനനിർമ്മാണം പൂർത്തിയാക്കിയ ബിന്ദു ഷിജു എന്ന ഗുണഭോക്താവിന് (കെട്ടിട നമ്പർ-7/113 A) തൻവർഷം വീട് അറ്റകുറ്റപ്പണിയുടെ സബ്സിഡിയായി 25000/-രൂപ നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2)ലഭ്യമാക്കിയ മറുപടിയിൽ വിശദമായ വാല്യുവേഷൻ സമർപ്പിക്കാമെന്ന്

മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.നിർദ്ദിഷ്ടസമയപരിധിക്കുമുമ്പ് ആനുകൂല്യം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി നൽകിയ സബ്സിഡി തുകയായ 25000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കേണ്ടതാണ്.വിശദമായ വാല്യൂവേഷന്റെ അഭാവത്തിൽ ബാക്കി ചെലവു തുകയായ 145000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേരും / നമ്പരും | എസ്.സി. വിഭാഗക്കാർക്ക് ലാപ് ടോപ്പ് - എസ്. 0012 /17 |
| പദ്ധതി അടങ്കൽ | 250000 (വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവ് വിവരം | 246000/- (ബിൽ നം. 2/ 16-17/ 19.11.2016) |

പ്രോജക്ട് പ്രകാരം എസ്.സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് നൽകുന്നതിനായി ഓൺലൈൻ ഇൻഫോവേൾഡ് മുളന്തുരുത്തി-(ഇൻവോയ്സ് നം.MLTY/1697/4.11.2016) എന്ന സ്ഥാപനത്തിൽ നിന്നും 12 ലാപ്പ്ടോപ്പ് വാങ്ങി.ആയതിലേക്ക് 246000/-രൂപ വികനസനഫണ്ടിൽ നിന്നും ചെലവഴിച്ചു. പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല.

2) 11.1.2016- ലെ സ.ഉ(എം.എസ്.) 4/2016/ ത.സ്വ.ഭ.വ പ്രകാരം മെഡിക്കൽ, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്കായി പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ വിദ്യാർഥികൾക്ക് നൽകാമെന്നും 17.8.2016 -ലെ സ.ഉ (എം.എസ്.) 2464/ 2016 /ത.സ്വ.ഭ.വ പ്രകാരം ബിരുദ കോഴ്സുകൾക്കും, പോളിടെക്നിക്കുകളിൽ പഠിക്കുന്നവർക്കും കൂടി നൽകാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി ഐ.റ്റി.ഐ പഠിക്കുന്ന വിദ്യാർഥികളേയും ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | പഠിക്കുന്ന കോഴ്സ്/ സ്ഥാപനം |
|---|---|
| നന്ദു പ്രേം | ഐ.റ്റി.ഐ |
| അജയ് വി. സുരേഷ് | ഐ.റ്റി.ഐ, ഗവ.ഐ.റ്റി.ഐ ഇടപ്പിള്ളി |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ലാപ് ടോപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാമെന്ന് മാത്രമാണ് സൂചിപ്പിച്ചത്. അനർഹരായ ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് നൽകിയതുമൂലമുണ്ടായ അധികചെലവായ 41000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഓട്ടോറിക്ഷ /പിക്അപ്ഓട്ടോറിക്ഷ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേരും /നമ്പരും | തൊഴിൽരഹിതരായ എസ്.സി. യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷ / പിക്അപ് ഓട്ടോറിക്ഷ- എസ് 0040/17 |
| അടങ്കൽ | 400000 (വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവ് വിവരം | 300000/- (ബിൽ നം.7 /16-17/ |

| | |
|---|---|
| | 26.11.2016) |

ഈ പ്രോജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 11.1.2016 -ലെ ജി.ഒ.(എം.എസ്.) 4/2016 /ത.സ്വ.ഭ.വ പ്രകാരം നൽകാവുന്ന പരമാവധി സബ്സിഡിയായ 50000/- രൂപ വീതം ഓരോ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്.എന്നാൽ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) ഒരു ഗുണഭോക്താവൊഴികെയുള്ളവരുടെ അപേക്ഷ, വരുമാനസർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് എക്ചേഞ്ചിൽ പേര് രജിസ്റ്റർ 11.1.2016 -ലെ ജി.ഒ .(എം.എസ്.) 4/2016/ ത.സ്വ.ഭ.വ പ്രകാരം ചെയ്തതിന്റെ രേഖകൾ തുടങ്ങിയവ ഹാജരാക്കിയില്ല.

2) വായ്പാ ബന്ധിത പ്രോജക്ടായതിനാൽ ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും വായ്പ അനുവദിച്ചതിന്റെ രേഖകൾ സമർപ്പിക്കേണ്ടതായിരുന്നുവെങ്കിലും ആയത് ഫയലിൽ ഇല്ല. സബ്സിഡി തുകയായ 3,00,000/- രൂപ (6 * 50000) പിറവം സിൻഡിക്കേറ്റ് ബാങ്കിലേക്ക് നൽകിയതിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

3) ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ,ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ ലഭിച്ചതിന്റെ രേഖകൾ എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.11) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 അർഹമായതിലും കൂടുതൽ തുക സബ്സിഡി നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേരും /നമ്പരും | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം- വനിത , എസ് 0042/17 |
| പദ്ധതി അടങ്കൽ | 25000 (വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവ് വിവരം | 24980 (ബിൽ നം. 36/16-17/30.3.2017) |

ഈ പ്രോജക്ട് പ്രകാരം രണ്ടു ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനുപകരിക്കുന്ന ഉപകരണങ്ങൾ 24980 /-രൂപ ചെലവഴിച്ച് കോട്ടയം നവഭാരത് ഏജൻസീസിൽ നിന്നും (ബിൽ നം. 27/28.3.2017) വാങ്ങി നൽകിയിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ ഉപകരണങ്ങൾ | വില |
|---|---|---|
| തങ്കമ്മ ഗംഗാധരൻ | മേശ | 9530 |
| | തേപ്പുപെട്ടി | 7390 |
| സാലി കെ.കെ | തയ്യൽ മെഷീൻ | 8060 |
| | ആകെ | 24980 |

11.1.2016 -ലെ ജി.ഒ.(എം.എസ്.) 4/2016/ത.സ്വ.ഭ.വ പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ വാങ്ങുന്നതിന് പട്ടികജാതി പട്ടികവർഗം – വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി വിലയുടെ 50% ആണ് (പരമാവധി തുക- 20000/-രൂപ). ആയതിനാൽ ഇവിടെ ചെലവഴിക്കാവുന്ന പരമാവധി തുക 12490/- മാത്രമാണ്. എന്നാൽ മാർഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന തിന് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നൽകിയ ഉപകരണങ്ങളുടെ വിലയായ 24980/- പൂർണ്ണമായും പഞ്ചായത്ത് തന്നെയാണ് നൽകിയിരിക്കുന്നത്.അധികമായി ചെലവഴിച്ച തുക 12490/-. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാർഗരേഖയിൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.ആയതിനാൽ അധികമായി നൽകിയ സബ്സിഡി തുക 12490/-രൂപ ഗുണഭോക്താവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-7 വനിതാ വ്യവസായ സംരംഭങ്ങൾ-അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപ്പുറം) |
| പ്രോജക്ടിന്റെ പേരും | വനിതാ വ്യവസായ സംരംഭങ്ങൾ- ജനറൽ എസ് |

| | |
|---|---|
| /നമ്പരും | 0107/17 |
| അടങ്കൽ | 2,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)<br>5,00,000/- ( ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ) |
| ചെലവ് വിവരം | 2,50,000/- (ബിൽ നം.1/16-17/ 30.3.2017) |

വനിതകൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേക്ക് തിരുമാറാടി വനിതാവ്യവസായ യൂണിറ്റിന് 100000/- രൂപയും വടകര- ഒലിയപ്പുറം വനിതാ വ്യവസായ യൂണിറ്റിന് 150000/- രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) സബ്സിഡി മാർഗരേഖ പ്രകാരം ( 11.1.2016 -ലെ ജി.ഒ. (എം.എസ്.) 4/2016 /ത.സ്വ.ഭ.വ ) ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകാവുന്ന സബ്സിഡി ചെലവിന്റെ 33 1/3 % മാത്രമാണ്. എന്നാൽ സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ചെലവു തുക സംബന്ധിച്ച രേഖകൾ ഗ്രൂപ്പുകൾ സമർപ്പിച്ചിട്ടില്ല.

2) പ്രോജക്റ്റ് വായ്പാബന്ധിതമാണ് എന്നാൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

3) സ്വയം തൊഴിൽ സംരംഭം ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വടകര - ഒലിയപ്പുറം വനിതാവ്യവസായ യൂണിറ്റിന് വായ്പ ലഭ്യമായതിന്റെ രേഖകൾ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ തുകയെ സംബന്ധിച്ച ഒരു റിപ്പോർട്ടും മാത്രമാണ് ഹാജരാക്കിയത്. മേൽ പരാമർശിച്ച രേഖകൾ പൂർണ്ണമായും ഹാജരാക്കാതിരുന്നതിനാൽ ചെലവുതുകയായ 250000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പെൺകുട്ടികൾക്ക് സാനിട്ടറി നാപ്കിൻസ്-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വിതരണത്തിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ആവിഷ്കരിച്ച പ്രൊജക്ടാണ് സ്കൂൾ കുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| പ്രൊജക്ടിന്റെ പേര്/ നം | സ്കൂൾ കുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം /എസ് 0103/17 |
| അടങ്കൽ | 272544 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 134664/-ട്രഷറി ബിൽ നം 4/16-17/22.11.2017 |
| ഡിഡി നം | 76638 /24.11.2016 |

സർക്കാർ ഉത്തരവ് നം (സാധാ) 280/16 /ത സ്വ ഭ വ/25.01.2016 ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനെയാണ്(കെ സി ഡബ്ല്യ ഡി സി) നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തത്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 30.9.2016 ലെ KSWDC/ PO2/ She pad-LSGD /2015-16 നം കത്ത് പ്രകാരം താഴെ പറയും പ്രകാരമാണ് തുക വകയിരുത്തേണ്ടത്.

| ഇനം | തുക | പഞ്ചായത്ത് വകയിരുത്തൽ |
|---|---|---|
| സാനിറ്ററി നാപ്കിൻ (4008 എണ്ണം) | 33.50 രൂപ | 134268 |

| | | |
|---|---|---|
| ഇൻസിനേററ്റർ 2 എണ്ണം | 40242 | 80484 |
| അലമാര 3 എണ്ണം | 18192 | 54576 |

കൂടാതെ ഡോക്യുമെന്റേഷൻ ചെലവുകൾക്കായി 3216/-രൂപയും വകയിരുത്തിയിട്ടുണ്ട്. കെ സി ഡബ്ല്യു ഡി സി -യുടെ കത്ത് പ്രകാരം സൂചിപ്പിച്ചിരുന്ന ആകെ ചെലവുതുകയായ 269328/- രൂപയുടെ 50% പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. (തുക-134664 -ട്രഷറി ബിൽ നം. 4/16-17 /22.11.2016)
ഫയൽ പ്രകാരം താഴെ പറയുന്ന സ്കൂളുകളെയാണ് പഞ്ചായത്ത് പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

a) സെന്റ് ജോൺസ് സിറിയൻ ഹയർ സെക്കന്ററി സ്കൂൾ, വടകര,ഒലിയപുരം

b) ഗവ. എച്ച്.എസ്. അത്താനിക്കൽ, മണ്ണത്തൂർ

c) ജി.വി.എച്ച്.എസ്സ്.എസ്സ്. തിരുമാറാടി

പ്രസ്തുത സ്കൂളുകളിൽ പ്രൊജക്ട് നിർവ്വഹണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അപ്രതീക്ഷിതമായ ചില സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഉണ്ടായതിനാലാണ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് കെ.എസ്.ഡബ്ല്യു.ഡി.സി . അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് തുക / ബിൽ നമ്പർ | തുക കൈപ്പറ്റി യിരിക്കുന്ന സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| എസ്. 0035/17 | 24000 (വികസന ഫണ്ട്) | 24000 (2/16-17/ 24.2.2017) | ഡയറക്ടർ. സംസ്ഥാന സാക്ഷരതാ മിഷൻ | 1) അംഗീകൃത ഗുണ ഭോക്തൃലിസ്റ്റ് ഹാജ രാക്കിയില്ല<br>2) ഗുണഭോക്താക്കൾ തുല്യതാ ക്ലാസ്സിന് ഹാജ രായതിന്റെ വിവരങ്ങൾ, തുല്യതാ പരീക്ഷക്ക് ഹാജ രായതിന്റെ വിവര ങ്ങൾ എന്നിവ ഹാജരാ ക്കിയില്ല. |
| എസ്. 0035/17 | 230567 (വികസന ഫണ്ട്) | 230567 (1/16-17/ 26.11.2016) | എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ | മുൻവർഷം പഞ്ചായത്ത് നൽകിയ എസ്.എസ്.എ. വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 പുളിക്കയത്ത് കോളനി റോഡ് - ആവശ്യമായതിൽ കൂടുതൽ സ്റ്റോണിന്റെ വില നൽകി.

| | |
|---|---|
| പ്രൊജക്ട് നം. /പേര് | S 0120/17 / പുളിക്കായത്ത് കോളനി റോഡ് സെക്കന്റ് റീച്ച് |
| കരാറുകാരന്റെ പേര് | ശ്രീ ബിനു പി. രാജൻ (എസ്റ്റിമേറ്റിനേക്കാൾ 18.38 % കുറവ് നിരക്കിൽ) |

| | |
|---|---|
| അളവു പുസ്തകം | 44/ 15-16 |
| കരാറുകാരന് നൽകിയ തുക | 01 /2016-17/ 28.9.2016 തുക = 438446/- |

ഈ പ്രവൃത്തിയുടെ ചെലവു നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഈ പ്രവൃത്തിയുടെ ഇനം 5, 8 എന്നിവക്ക് ആവശ്യമായ അളവിലും കൂടുതൽ സ്റ്റോൺ സ്റ്റോക്ക് ചെയ്തു വില നൽകിയതിനാൽ അധികചെലവു വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.

| | |
|---|---|
| അളവുപുസ്തകം ഇനം 5 പ്രകാരം laying and compacting stone aggregate of specified sizes to WBM specifications.................... (CPWD CODE 16.4) ചെയ്ത അളവ് | 80.655m3 |
| ഇനം 3 പ്രകാരം supplying stacking stone screening material 13.2mm nominal size (Type A) (CPWD 16.3.6) ആവശ്യമായത് (80.655 m3 x 0.029) | 23.39 m3 |
| അനുവദിച്ച അളവ് | 30.08 m3 (23.43 + 6.65) |
| നിർണ്ണയിച്ച മൂല്യം | 65171/- ( 30.08 m3 x 2166.60 m3) |
| നിർണ്ണയിക്കാവുന്ന മൂല്യം | 50677/- (23.39 m3 x 2166.60 m3) |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | 14494/- രൂപ |
| അളവുപുസ്തകം ഇനം 8 പ്രകാരം laying and compacting stone aggregate of specified sizes to WBM specifications.................... (CPWD CODE 16.4) ചെയ്ത അളവ് | 29.37 m3 |
| ഇനം 6 പ്രകാരം supplying stacking stone screening material 13.2mm nominal size (Type B) (CPWD 16.3.7) ആവശ്യമായത് (29.37 m3 x 0.02) | 5.87 m3 |
| അനുവദിച്ച അളവ് | 9.19 m3 |
| നിർണ്ണയിച്ച മൂല്യം | 18797/- (9.19 m3 x 2045.4 / m3) |
| നിർണ്ണയിക്കാവുന്ന മൂല്യം | 12006/- (5.87 m3 x 2045.4 / m3) |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | 6791/- |
| ടി രണ്ടിനങ്ങളിലും ആകെ അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | 14494+6791=21285/- |
| ടെണ്ടർ കിഴിച്ച് കുറച്ച് അധികം നൽകിയ തുക | 21285-18.38% = 17373 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/4.8.17 ) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 17373/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 ആദായ നികുതി (TDS) ഈടാക്കിയതിൽ കുറവ്

ആദായ നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം ഈടാക്കേണ്ടിയിരുന്ന ടി.ഡി.എസ്. ഈടാക്കിയില്ല. ഈ വകുപ്പ് പ്രകാരം കരാർ പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും ഒരു ശതമാനവും സ്ഥാപനങ്ങളിൽ നിന്നും രണ്ടു ശതമാനം നിരക്കിലും ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രൊജക്ട് ( S 0061/16, S0116/17) CODS CONSTRUCTIONS ന് ഇ ടെണ്ടർ മുഖേന അനുവദിച്ചിട്ടുണ്ട്. ബിൽ തുക അനുവദിച്ചപ്പോൾ രണ്ടു ശതമാനം ആദായ നികുതി

ഈടാക്കേണ്ടതിനു പകരം വ്യക്തികൾക്ക് ബാധകമായ ഒരു ശതമാനമാണ് പിടിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| | |
|---|---|
| അളവു പുസ്തകം | 45/AE/LSGD/15-16 &<br>23/AE/TMDY/15-16 &<br>14/ TMDY/16-17 |
| കരാറുകാരന് നൽകിയ തുക | 07/16-17/ 27.2.2017 =<br>2150138<br>allot ment No.23/<br>29.6.2017 = 762900<br>ആകെ = 2913038 |
| ആകെ പ്രവൃത്തിമൂല്യം {3702501 - 603508 (tender below @ 16.3%)} | 3098993 |
| ഈടാക്കിയ ആദായ നികുതി - @ 1% | 30990 |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി @2% | 61980 |
| ഈടാക്കിയതിൽ കുറവ് | 30990/- (61980 - 30990) |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.10) മറുപടിയൊന്നും നൽകിയില്ല . ഈടാക്കിയതിൽ കുറവ് വന്ന തുകയായ 30990/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃസമിതി -രേഖകൾ ലഭ്യമാക്കിയില്ല

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തിയിൽ ഗുണഭോക്തൃസമിതിയുടെ വരവു ചെലവു കണക്കുകൾ, മിനിട്സ്, ബാങ്ക് അക്കൗണ്ടിന്റെ വിവരം, ഒറിജിനൽ ബില്ലുകൾ തുടങ്ങിയ രേഖകളില്ലാതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ തുക നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം /പേര് | S0048 /17, അങ്കണവാടികളുടെ മെയിന്റനൻസ് |
| കൺവീനറുടെപേര് | ശ്രീ.എം.പി.രഘുനാഥ് |
| അളവു പുസ്തകം | 34/15-16 |
| കരാറുകാരന് നൽകിയ തുക | 104271/- ( 12/16-17/ 27.2.2017) |

1.ഗുണഭോക്തൃസമിതികൾ യോഗം ചേർന്ന് മിനുട്ട്സ് രേഖപ്പെടുത്തുകയോ ആയത് പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.

2.സ.ഉ.(സാധാ) 36/98/ത.ഭ.വ/ 13.2.1998, സ.ഉ.(സാധാ) 218 / 98/ത.ഭ.വ/ 23.10.1998 എന്നിവ പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. ഇത് ഉറപ്പാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിട്ടുള്ളത്.

3.പ്രവൃത്തി സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം പണി പൂർത്തീകരിച്ചാൽ ഉടനെ വരവ് ചെലവ് കണക്ക്, ഉപയോഗിച്ച സാധനങ്ങളുടെ കണക്ക്, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ഇപ്രകാരം എല്ലാ രേഖകളും ഹാജരാക്കിയിട്ടില്ല.

4. പണമിടപാട് നടത്തുന്നതിനായി കൺവീനറുടെയും ചെയർമാന്റെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഫൈനൽ ബിൽ ലഭിച്ചശേഷം ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതുമാണ്.

5.ചുമതലപ്പെട്ടുത്തിയ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളുടെയും കരാർ നിരക്കുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ബിൽ തുകയോ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് ആ തുകയായിരിക്കും പഞ്ചായത്ത് കൺവീനർക്ക് നൽകുക. എന്നാൽ ഗുണഭോക്തൃസമിതികൾ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി അംഗീകരിക്കാത്തതിനാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഈ വ്യവസ്ഥ ഉറപ്പാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് പണം എങ്ങനെ നൽകി എന്ന് വ്യക്തമല്ല.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 104271/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 80000 | ക്ഷീര കർഷകർക്ക് പാൽ ഇൻസേന്റീവ് | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 112500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 112500 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 112500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 112500 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 12000 | തരിശുനിലം നെൽകൃഷി | 12000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു | ഉത്തരവ് | വായ്പ | വർഷാ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ടെ പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | രംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാ ക്കി യുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.നം. 530 /2010/ ത.സ്വ. ഭവ./8.2.2010 | 4100000 | 372530 | 372530 | - | 0 |

## 4-5. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

## 4-6. <u>ഓഡിറ്റ് റിക്കവറി</u>

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

ഇല്ല

## 4-8. <u>ഓഡിറ്റ് പ്രത്യവലോകനം</u>

<u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38042478 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36223805 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 88353 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1234373 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

.

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡികനമ്പർ | വരവ് നഷ്ടം | ചെലവ്വ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 3-1 | - | 2500 | ശ്രീടി.ജി.കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി ( സെക്രട്ടറി ഇൻ ചാർജ്) |
| 3-3 | - | 25000 | ശ്രീ റെയ്സൺ വി. വർഗ്ഗീസ് , അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | - | 12490 | ശ്രീ റെയ്സൺ വി. വർഗ്ഗീസ് , അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| 3-10 | - | 17373 | ശ്രീ ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| | - | 57363 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 139535 | ശ്രീ ടി.ജി.കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| 3-3 | 145000 | ശ്രീ റെയ്സൺ വി. വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 41000 | ശ്രീ ടി.ജി.കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 300000 | ശ്രീ ടി.ജി.കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 250000 | ശ്രീ മഞ്ജുഷ് ജോസഫ്, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപുറം) |
| 3-9 | 254567 | ശ്രീ എം.കെ. രാജു, ഹെഡ് മാസ്റ്റർ |
| 3-12 | 104271 | ശ്രീ ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1234373 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 30990 | ശ്രീ ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ടി.ജി. കനകാംബരൻ , അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, അഗളി ഗ്രാമ പഞ്ചായത്ത് | മൂലേ പറമ്പിൽ ഹൗസ്, ഓണക്കൂർ |
| ശ്രീ റെയ്സൺ വി. വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത് | വരീക്കൽ ഹൗസ്, കുന്നപ്പിള്ളി, പെരുവ പി.ഒ., കോട്ടയം ജില്ല |
| ശ്രീ മഞ്ജുഷ് ജോസഫ്, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപുറം) | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപുറം) തിരുമാറാടി ഗ്രാമപഞ്ചായത്ത് | ചെമ്പോക്കുഴിയിൽ, ഇലഞ്ഞി പി.ഒ., ഇലഞ്ഞി |
| ശ്രീ എം.കെ. രാജു, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ , GLPS, മണ്ണത്തൂർ, തിരുമാറാടി ഗ്രാമപഞ്ചായത്ത് | മോളേ പറമ്പിൽ, കിഴക്കൊമ്പ് പി.ഒ, കൂത്താട്ടുകുളം |
| ശ്രീ ലാൽ പ്രസാദ് , അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ശ്രീശൈലം TRA- 42, താണപ്പാടം, പടമുഗൾ |

.

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/7.3.1996 |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/6.12.96 |
| 1996-97 | എൽ.എഫ്.ഇ.(പി.2)696/99/12.3.99 |
| 1997-98 | എൽ.എഫ്.ഇ.(പി.2)518/01/ 13.8.2001 |

| | |
|---|---|
| 1998- 99 മുതൽ 2000-01 വരെ | എൽ.എഫ്.ഇ.(പി.2)885/03/6.11.2013 |
| 2001-02 (പദ്ധതി) | എൽ.എഫ്.ഇ.(പി.2)1189/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.1)1928/ 07/2.8.06 |
| 2002-03 | എൽ.എഫ്.ഇ.(പി.9)1340/10/ 23.5.2001 |
| 2003-04 | എൽ.എഫ്.ഇ.(പി.9)1342/10/ 23.5.2011 |
| 2004-05 | എൽ.എഫ്.ഇ.(പി.9)1342/10/ 5.5.2011 |
| 2005-06 | എൽ.എഫ്.ഇ.(പി.9)1343/10/ 14.9.2011 |
| 2011-12, 2012-13 | എൽ.എഫ്.ഇ.(പി.9) 972/14/27.8.14 |
| 2013-14 | കെ,എസ്.എ.ഇ.കെ.എം. (പി.9) 1504/15/ 09.09.2015 |
| 2014-15 | കെ.എസ് എ ഇ കെ എം (പി 9) 1187/2016 /19.7.16 |
| 2015-16 | കെ.എസ് എ ഇ കെ എം (പി 9) 2440/ 2016/ 7.1.2017 |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ഇകെഎം(പി9)1646/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 10.10.2017

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-7-ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# ANNEXURE I

AUDIT CERTIFICATE

.

KSA-EKM (P9)1646/2017

Kerala State Audit Department,
District Audit Office,
Ernakulam, 0484 2422271,
lfadekm@gmail.com
Date:10.10.2017

.

Certified that I have audited the Annual Financial Statement of Thirumarady Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thirumarady Grama panchayat for the year 2016-17 except the observations in paragraph 2-7 of my audit report properly presents the picture of income and expenditure.

Deputy Director